നമ്പരായി വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരുകേസ് രജിസ്റ്റർ ചെയ്തു. പ്രേത വിചാരണാ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മൃതശരീരം തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന നടത്തി. ഒരു സ്വകാര്യ കമ്പനിയിൽ ജോലി നോക്കിയിരുന്ന സി. പി. ഐ. (എം.) പ്രവർത്തകനായ രാജേഷ് കൊലചെയ്യപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് ഇതിനോടകം 60-ൽപ്പരം ആളുകളോട് ചോദിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ നടത്തിയ അന്വേഷണമധ്യേ എങ്കക്കാട് പാതയിൽ വീട്ടിൽ സതീശൻ എന്ന ആളെ ഈ കേസ്സുമായി ബന്ധപ്പെട്ട് പോലീസ് സംശയിക്കുകയും അയാളെ നിരീക്ഷിച്ച് അന്വേഷണം നടത്തി വരവേ അയാൾ ആത്മഹത്യ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് വിശദമായ അന്വേഷണത്തിലൂടെ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പാറയിൽ വീട്ടിൽ സതീശനെ പ്രതി ചേർത്ത് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വടക്കാഞ്ചേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. ഈ കേസ് കാര്യമായി അന്വേഷിക്കുന്നതിന് തീർച്ചയായും നിർദ്ദേശം കൊടുക്കുന്നതാണ്.

(3) തൊടുപുഴ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, തൊടുപുഴ പട്ടണത്തിൽ ഏകദേശം 11 കോടി രൂപ ചെലവ് ചെയ്ത് നിർമ്മിക്കുന്ന 8 നിലകളുള്ള റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കെ ഇന്നലെ ഉച്ചക്കുശേഷം കുറെ സാമൂഹ്യ വിരുദ്ധൻമാർ ആ സൈറ്റിൽ കയറി ബലമായി പണി തടസ്സപ്പെടുത്തുകയും അവിടെ ഉണ്ടായിരുന്ന തൊഴിലാളികളെ തല്ലിയോടിക്കുകയും ചെയ്തു. സംഭവത്തെ തുടർന്ന് ഓടിയ രണ്ട് തൊഴിലാളികൾ പുഴയിൽ ചാടുകയും മരണത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയും ചെയ്തു. പോലീസുകാരെ കല്ലെറിയുകയും മുനിസിപ്പൽ കൗൺസിലർമാരായ ജാഫർഖാൻ, മുഹമ്മദ് ഹാരീബ് എന്നിവരെ മൃഗീയമായി മർദ്ദിക്കുകയും ചെയ്യുകയുണ്ടായി. ഈ സാമൂഹ്യ വിരുദ്ധൻമാർ ശ്രീ. പി. ജെ. ജോസഫിന്റെ പാർട്ടിയുടെ ആളുകളാണ് എന്നുള്ളതാണ് ഏറ്റവും ഖേദകരം. റവന്യൂ ടവർ അവിടെ പണിയാതിരിക്കാൻ വേണ്ടി നടത്തുന്ന ഏറ്റവും ബോധപൂർവ്വമായ ഒരു ശ്രമമാണ് ഇത്. ഈ സംഭവത്തിന് ഉത്തരവാദികളായ മുഴുൻ ആളുകളുടെയും പേരിൽ ശക്തമായ നടപടി സ്വീകരിക്കുകയും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്യണം. അവിടെ സമരം നടത്തിയവരിൽ ഒന്നുരണ്ടു പേർ സർക്കാർ ഉദ്യോഗസ്ഥരാണെന്നുള്ള വിവരവും കിട്ടിയിട്ടുണ്ട്. അങ്ങനെ സർക്കാരിൽനിന്ന് ശമ്പളം പറ്റിക്കൊണ്ട് ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്ന ആളുകളുടെ മേൽ ശക്തമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. വക്കം പുരുഷോത്തമൻ : സർ, തൊടുപുഴ റവന്യൂ ടവർ പണിയുന്ന ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് 7-2-2006-ന് ഉച്ചയോടെ കേരള കോൺഗ്രസ്സ് (ജെ) യൂത്ത് ഫ്രണ്ട് പ്രവർത്തകർ അതിക്രമിച്ചു കയറി അവരുടെ പാർട്ടി പതാക നാട്ടുകയും ടവറിന്റെ പണികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ഇത് അറിഞ്ഞ കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡന്റ് ബെന്നി, മുനിസിപ്പിൽ കൗൺസിലർമാരായ ജാഫർഖാൻ, മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ ഏതാനും പേർ അവിടെ എത്തുകയും ടവറിന്റെ പണി തടസ്സപ്പെടുത്തരുതെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. ആ അഭ്യർത്ഥന യൂത്ത് ഫ്രണ്ട് പ്രവർത്തകർ നിരാകരിക്കുയും അവരുമായി ഉന്തും തള്ളും നടത്തുകയും ചെയ്തു. ഈ സമയം അവിടെ ഉണ്ടായിരുന്ന പോലീസ് ഇരു വിഭാഗങ്ങളോടും സമാധനപരമായി പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടപ്പോൾ പോലീസിനു നേരെ കല്ലേറുണ്ടായി. അതിനെത്തുടർന്ന് പോലീസ് ലാത്തിവീശി ജനക്കൂട്ടത്തെ പിരച്ചുവിട്ടു. കല്ലേറിൽ 5 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഇതു സംബന്ധിച്ച് 84-ാം നമ്പരായി കസബ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളാ കോൺഗ്രസ്സ് (ജെ) പ്രവർത്തകരായ 40 പേരെ സ്റ്റേഷനിൽ കൊണ്ടുവന്ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്. ഇതുകൂടാതെ മുനിസിപ്പൽ കൗൺസിലർമാരായ രണ്ട് പേരെ കേരള കോൺഗ്രസ്സ് (ജെ) പ്രവർത്തകർ മർദ്ദിച്ചതായി പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ്സും കോൺഗ്രസ്സ് പ്രവർത്തകർ മർദ്ദിച്ചതിലും പോലീസ് ലാത്തി വീശിയതിലും പരിക്കുപറ്റിയെന്ന് ആരോപിച്ച് കേരള കോൺഗ്രസ്സ് പ്രവർത്തകരായ അഞ്ച് പേർ തൊടുപുഴ സഹകരണ ആശുപത്രിയിൽ ചികിത്സയിലുള്ളതു സംബന്ധിച്ച് മറ്റൊരു കേസ്സും എടുത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും എണ്ണം ഏതാണ്ട് ഒരുപോലെയാണ്. ഇന്ന് ഒരാൾ റിട്ടയർ ആകുമ്പോൾ അയാളുടെ മക്കൾക്ക് മാന്യമായ തൊഴിൽ ലഭിച്ചുവെന്ന് വരില്ല. കുടുംബത്തിന്റെ ഭാരം മുഴുവൻ ഈ വൃദ്ധൻ ചുമക്കേണ്ടിവരും. ലൈഫ് എക്സ്പെക്റ്റൻസി വർദ്ധിച്ചിരിക്കുന്നതുകൊണ്ട് വയോവൃദ്ധരായ പെൻഷൻകാരുടെ എണ്ണം വളരെ കൂടുതലാണ്. അവർ ഇപ്പോൾ ജീവിച്ചിരിക്കുന്നതുതന്നെ മരുന്നിന്റെ പച്ചയിലാണ്. ഗാട്ട് കരാറിൽ ഒപ്പു വച്ചതിനുശേഷം മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിച്ചു. 10 പൈസയ്ക്കും 15 പൈസയ്ക്കുമൊക്കെ കിട്ടിക്കൊണ്ടിരുന്ന പാരസെറ്റമോളിന്റെ വില ഒന്നര രൂപയോളമായി. അതുപോലെ മറ്റ് മരുന്നുകളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വയോവൃദ്ധരായ പെൻഷൻകാർക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന 50 രൂപയുടെ മെഡിക്കൽ അലവൻസ് വളരെ അപര്യാപ്തമാണ്. ഇത്തരത്തിലുള്ള വയോവൃദ്ധർക്ക് എന്തെങ്കിലും ചെയ്യുന്നത് ഏറ്റവും കൂടുതൽ ദൈവാധീനമുള്ള കാര്യമാണ്. അതുകൊണ്ട് മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുന്നത് അനുകമ്പാപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly